(ഐ) ഉണ്ട്.

സസ്പെൻഷന് വിധേയരായവർ

1.	ശ്രീ. കെ. ശശിധരൻ	ഡി.ഡി.ഇ.
2.	ശ്രീ. എം. ഒ. പുഷ്പേന്ദ്രൻ	,,
3.	ശ്രീ. എ. അരുൺകുമാർ	,,
4.	ശ്രീ. വി. എൻ. സോമരാജൻ	,,
5.	ശ്രീ. കെ. മുരളീധരൻ	ഡി.ഇ.ഒ.
6.	ശ്രീ. കെ. സുരേന്ദ്രൻ	,,
7.	ശ്രീ. എൻ. സോമരാജൻ	,,
8.	ശ്രീ. പി. വി. വേലായുധൻ	,,
9.	ശ്രീമതി കെ. ആർ. വിജയമ്മ	,,
10.	ശ്രീ. ഡിക്സി പ്രസാദ്	,,
11.	ശ്രീ. സി. രാജപ്പൻ	എ.ഇ.ഒ.

വാർഷിക ഇൻക്രിമെന്റ് തടയപ്പെട്ടവർ

1.	ശ്രീ. എൽ. രാജൻ	ഡി.ഡി.ഇ.
2.	ശ്രീ. കെ. ശശിധരൻ	,,
3.	ശ്രീ. എൻ. ഡി. ഭദ്രൻ	ഡി.ഇ.ഒ.
4.	ശ്രീ. എം. ശ്രീധരൻ	,,
5.	ശ്രീമതി ജസ്സി ജോസഫ്	,,

(ജെ) വിദ്യാഭ്യാസ വകുപ്പിൽ അഴിമതി നടക്കുന്നതായി സർക്കാരിന് അഭിപ്രായമില്ല. പരാതികൾക്ക് വിധേയരാകുന്നവർക്കെതിരെ അന്വേഷണം നടത്തി അപ്പഴപ്പോൾത്തന്നെ നടപടി സ്വീകരിക്കുന്നതുകൊണ്ട് വകുപ്പിൽ സമഗ്രമായ അഴിച്ചുപണിക്ക് പ്രസക്തിയില്ലെന്ന് സർക്കാർ കരുതുന്നു.

സ്കൂളുകളിലെ കമ്പ്യൂട്ടർ പഠനത്തിന് ഫീസ്

89 [3264] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ പഠനത്തിന്റെ പേരിൽ സംസ്ഥാനത്ത് സർക്കാർ/എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ നിന്ന് ഫീസ് പിരിച്ചെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്പ്യൂട്ടർ പഠനത്തിന്റെ പേരിൽ വിദ്യാർത്ഥികളിൽ നിന്ന് ഫീസ് വാങ്ങാൻ പാടില്ലെന്ന എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഇല്ല. എന്നാൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ചുമത്തുന്നില്ല. ഇത്തരം കുട്ടികളുടെ ഫീസ് സർക്കാർ റീ ഇംബേഴ്സ് ചെയ്യുന്നുണ്ട്. ഇപ്പോൾ 8-ാം തരത്തിനു താഴെ വാങ്ങിക്കുന്നില്ല. അതിനു മുകളിൽ 25 രൂപ വെച്ച് വാങ്ങിക്കുന്നുണ്ട്.

പ്രീ പ്രൈമറി ക്ലാസ്സുകളിലെ സമയക്രമം

90 [3265] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ പ്രൈമറി ക്ലാസ്സുകളിലെ സമയക്രമം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ മാറ്റിയ പ്രവൃത്തി സമയം വ്യക്തമാക്കുമോ;

(ഡി) ശനിയാഴ്ചകളിലും ചില സ്കൂളുകളിൽ പ്രസ്തുത ക്ലാസ്സുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

ഗവൺമെന്റ് സ്കൂളുകളിലെ പ്രീ പ്രൈമറി വിഭാഗം അദ്ധ്യാപകർക്ക് ന്യായമായ വേതനം ഉറപ്പാക്കാൻ നടപടി

91 [3266] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിൽ പ്രീ പ്രൈമറി വിഭാഗം ക്ലാസ്സുകൾ ആരംഭിക്കുന്നതിനും അതതു സ്കൂൾ പി.ടി.എ.-യുടെ മേൽനോട്ടത്തിൽ ഇവ നടത്തിക്കൊണ്ടു പോകുന്നതിനും ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly